## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3659 — 15.12.2014 ൽ മറുപടിക്ക്

### സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെൻറ് ഫയലിംഗ് സിസ്റ്റം

**ചോദ്യം**

ശ്രീ.എ.റ്റി.ജോർജ്ജ്

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ.ഹൈബി ഈഡൻ

ശ്രീ.വി.ഡി. സതീശൻ :

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെൻറ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | DDFS എന്ന സോഫ്റ്റ്‌വെയറാണ് സെക്രട്ടേറിയറ്റിലെ ഹയർ എഡ്യുക്കേഷൻ വകുപ്പിലും സാമൂഹ്യ നീതി വകുപ്പിലും ഉപയോഗിച്ചുവരുന്നത്. NIC−യുടെ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ DDFS പോലെ മറ്റൊരു ഇ-ഫയലിംഗ് സോഫ്റ്റ്‌വെയർ ആകുന്നു. ഇ-ഓഫീസ് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും നടപ്പാക്കുന്നതായിരിക്കും. ഹയർ എഡ്യുക്കേഷൻ വകുപ്പിലും, സാമൂഹിക നീതി വകുപ്പിലും, DDFS-ൽ നിന്നും ഇ-ഓഫീസിലേക്ക് ഇ-ഫയലുകൾ മൈഗ്രേറ്റ് ചെയ്യുന്നതായിരിക്കും. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക അവയുടെ കാര്യക്ഷമത വർധിപ്പിക്കുക അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്. |
| (സി) | നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ സംവിധാനം മുഖേന ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവ DDFS ഉപയോഗിക്കുന്നത് ഒഴിച്ചാൽ മറ്റ് എല്ലാ വകുപ്പുകളിലും ഫയലിംഗ് മാന്വലായാണ് നടക്കുന്നത് . ഐഡിയാസ് ഫയൽ ട്രാക്കിങ്ങിന് വേണ്ടി മാത്രമുള്ളതാണ്. ഇ−ഓഫീസിലേക്ക് മാറുന്നതു വഴി DDFS −ന്റെ അതേ ഗുണങ്ങൾ കുറഞ്ഞ ചിലവിൽ ഇ−ഓഫീസിൽ ലഭ്യമാകുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ ഉടൻ തന്നെ ഇ–ഓഫീസിൽ പൊതു ജനങ്ങൾക്ക് ഐഡിയാസിന്റെ മാതൃകയിൽ ഫയൽ ട്രാക്ക് ചെയ്യുവാൻ സൗകര്യമൊരുക്കുന്ന ഒരു സംവിധാനം ലഭ്യമാകുന്നതായിരിക്കും . DDFS –ന്റെ ആന്വൽ മേൻറനൻസ് ചാർജ്ജ് നൽകേണ്ടതായിട്ടുണ്ട്; എന്നാൽ ഇ–ഓഫീസ് സോഫ്റ്റ്‌വെയറിന് വില ഈടാക്കുന്നില്ല, വിവിധ വകുപ്പുകളിൽ ഇ–ഓഫീസ് നടപ്പിലാക്കാൻ വേണ്ട മാനവശേഷിക്ക് മാത്രമാണ് വില ഈടാക്കുന്നത്. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ഈ പദ്ധതി നടപ്പാക്കുന്നത് സംസ്ഥാന ഐ.ടി.മിഷനും അതിനു വേണ്ട സാങ്കേതിക സഹായം നല്കുന്നത് കെൽട്രോണും NIC–യും ആണ്. NIC PMU (പ്രോജക്റ്റ് മോണിട്ടറിംഗ് യൂണിറ്റ്) സ്റ്റാഫാണ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നല്കുന്നത്. കേരള സ്റ്റേറ്റ് ഐ ടി മിഷൻ അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്ച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് എന്നിവ അനുവദിക്കുന്നു. SeMT– ട്രെയിനിംഗ്, വിദഗ്ദ്ധോപദേശം എന്നിവ നൽകുന്നു.<br>കെൽട്രോൺ – നെറ്റ്‌വർക്ക്, ബാൻഡ് വിഡ്ത്ത് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നു.<br>എൻ.ഐ.സി – ഇ–മെയിൽ ഐ.ഡി അനുവദിച്ച് നല്കുക, എംപ്ലോയീ മാസ്റ്റർ ഡാറ്റബേസ് നിർമ്മിക്കുക, ഡിജിറ്റൽ സിഗ്നേച്ചർ ടോക്കൺ ഇൻസ്റ്റലേഷൻ, പഴയ ആപ്ലിക്കേഷനുകളെ ഇ–ഓഫീസിലേക്ക് മൈഗ്രേറ്റ് ചെയ്യിക്കുക, സെർവറുകൾ വാങ്ങി ഇൻസ്റ്റോൾ ചെയ്യുക. ഇ–ഓഫീസ് സമാരംഭിക്കുക. ഇ–ഓഫീസ് പദ്ധതിയുടെ നടത്തിപ്പും അതിന്റെ മേൽനോട്ടവും വഹിക്കുന്നത് ഇൻഫർമേഷൻ ടെക്നോളജി (ഐടി സെൽ) ഡിപാർട്ട്മെന്റാണ്. |

സെക്ഷൻ ഓഫീസർ